**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3590** **08-10-2025 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ റവന്യൂ ഡിവിഷണൽ ഓഫീസിലെ ജീവനക്കാരുടെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ റവന്യൂ ഡിവിഷണൽ ഓഫീസിൽ സ്ഥിരം ജൂനിയർ സൂപ്രണ്ട്, ക്ലർക്കുമാർ എന്നിവരുടെ ഒഴിവ് നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പെരിന്തൽമണ്ണ റവന്യൂ ഡിവിഷണൽ ഓഫീസിൽ നിലവിൽ സ്ഥിരം ജൂനിയർ സൂപ്രണ്ട് തസ്തിക ഇല്ല. ടി ഓഫീസിൽ നിലവിൽ ക്ലാർക്കുമാരുടെ ഒഴിവുകൾ ഇല്ലാത്തതാണ്. |
| (ബി) | പെരിന്തൽമണ്ണ, നിലമ്പൂർ, കൊണ്ടോട്ടി, ഏറനാട് താലൂക്കുകൾ ഉൾക്കൊള്ളുന്ന ഈ ഓഫീസിൽ ജീവനക്കാരില്ലാത്തത് ഓഫീസ് പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പെരിന്തൽമണ്ണ റവന്യൂ ഡിവിഷണൽ ഓഫീസിൽ നിലവിൽ ദൈനംദിന പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ ജീവനക്കാരുടെ അഭാവമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഈ ഓഫീസിലെ ഒഴിവുള്ള തസ്തികയിൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | പെരിന്തൽമണ്ണ റവന്യൂ ഡിവിഷണൽ ഓഫീസിൽ നിലവിൽ ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ ഒഴിവുകൾ ഇല്ല. |

സെക്ഷൻ ഓഫീസർ